**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6834** **21-03-2023 - ൽ മറുപടിയ്ക്ക്**

**കോതനല്ലൂർ റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പ് പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള കോതനല്ലൂർ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പ് പുരോഗതി വിശദമാക്കാമോ; | (എ) | കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കുന്നതിലേക്കായുള്ള LARR Act, 2013 പ്രകാരമുള്ള 11(1) വിജ്ഞാപനം 13.03.2023 ൽ കോട്ടയം ജില്ലാകളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത മേൽപ്പാലത്തിനുവേണ്ടി എത്ര സ്ഥലം ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര തുക ചെലവാകുമെന്ന് വെളിപ്പെടുത്താമോ; | (ബി) | പ്രസ്തുത പദ്ധതിക്കുവേണ്ടി കോതനല്ലൂർ വില്ലേജിൽ നിന്നും 0.5284 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി എത്ര തുക ആവശ്യമായി വരുമെന്ന് കണാക്കാക്കിയിട്ടില്ലാത്തതാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടിക്ക് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിന്റെ സാമൂഹ്യ ആഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. സാമൂഹ്യ ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും വിദഗ്ദ സമിതിയുടെ ശുപാർശയിന്മേൽ സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് അനുമതി നല്കിയിട്ടുള്ളതും തുടർന്ന് 11(1) വിജ്ഞാപനം 13.03.2023 ൽ കോട്ടയം ജില്ലാകളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി മൂലം എത്ര കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെട്ടുമെന്ന് വിശദമാക്കാമോ; സ്ഥലമേറ്റെടുത്ത് കല്ലിടൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിക്കായി ഭൂമിയേറ്റെടുക്കുന്നത് മൂലം കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടതായി വരുന്നില്ല. കല്ലിടൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ